# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2763**      **07.12.2018-ൽ മറുപടിയ്ക്ക്**

### പട്ടികവർഗ്ഗ സ്കൂളുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് എത്ര പട്ടികവർഗ്ഗ സ്കൂളുകൾ നിലവിലുണ്ട്; ഇതിന്റെ ലിസ്റ്റ് വെളിപ്പെടുത്താമോ; | എ) | സംസ്ഥാനത്ത് 64 പട്ടികവർഗ്ഗ സ്കൂളുകൾ നിലവിലുണ്ട്. ടി സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| ബി) | പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ; ഇതിനായി പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നു വ്യക്തമാക്കാമോ? | ബി) | വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -I**

| ജില്ല | സ്കൂളിന്റെ പേര് |
| --- | --- |
| തിരുവനന്തപുരം | 1. ഗവ.ട്രൈബൽ സ്കൂൾ, തലത്തൂതക്കാവ്<br>2. ഗവ.ട്രൈബൽ സ്കൂൾ, താന്നിമൂട്<br>3. ഗവ.ട്രൈബൽ സ്കൂൾ, ചെട്ടിയാംപാറ<br>4. ഗവ.ട്രൈബൽ സ്കൂൾ, അടപ്പുപാറ<br>5. ഗവ.ട്രൈബൽ സ്കൂൾ, തേവിയാർകുന്ന്<br>6. ഗവ.ട്രൈബൽ സ്കൂൾ, പൂരളിമല<br>7. ഗവ. ട്രൈബൽ സ്കൂൾ, ഇടിഞ്ഞാർ<br>8. ഗവ.ട്രൈബൽ സ്കൂൾ, മരുതാമല<br>9. ഗവ.ട്രൈബൽ സ്കൂൾ, മീനാങ്കൽ<br>10. ഗവ.ട്രൈബൽ സ്കൂൾ, പെരിങ്ങാറമൂല<br>11. ഗവ.ട്രൈബൽ സ്കൂൾ, നേട്ടോട്ടം<br>12. ഗവ.ട്രൈബൽ സ്കൂൾ, വ്ളാവെട്ടി<br>13. ഗവ.ട്രൈബൽ സ്കൂൾ, ചെറുകോട് |
| കൊല്ലം | 14. ഗവ.ട്രൈബൽ എൽ.പി.എസ്, വില്ലുമല<br>15. ഗവ. ട്രൈബൽ എൽ.പി.എസ്, കമ്മാൻകോട്<br>16. ട്രൈബൽ എൽ.പി.എസ്, ഇടപ്പണ |
| കോട്ടയം | 17. ഗവ.ട്രൈബൽ എൽ.പി.എസ്, കാളകെട്ടി, അഴുത<br>18. ഗവ.ട്രൈബൽ എൽ.പി.എസ്,ഭദ്രാമഠം, കരിനിലം<br>19. ഗവ.ട്രൈബൽ എൽ.പി.എസ്, കൂവക്കാവ്<br>20. ഗവ.ട്രൈബൽ യു.പി.എസ്,കൊമ്പുകുത്തി, കുപ്പക്കയം<br>21. ഗവ.ട്രൈബൽ എൽ.പി.എസ്, തുമരംപാറ<br>22. ഗവ ട്രൈബൽ യു.പി.എസ്, കോസടി<br>23. ഗവ.ട്രൈബൽവെൽഫെയർഎൽ.പി.എസ്, മുട്ടപ്പള്ളി |
| ഇടുക്കി | 24. ട്രൈബൽ എൽ.പി.എസ്, നാളിയാനി<br>25. ട്രൈബൽ എൽ.പി.എസ്, പട്ടയക്കുടി<br>26. ട്രൈബൽ എൽ.പി.എസ്, ഉപ്പുകുന്ന്<br>27. ട്രൈബൽ എൽ.പി. എസ് അരിവിളംചാൽ<br>28. ട്രൈബൽ എൽ.പി.എസ്, പുളിയൻമല<br>29. ട്രൈബൽ എൽ.പി.എസ്, കാഞ്ചിയാർ<br>30. ട്രൈബൽ എൽ.പി.എസ്, ചമ്പക്കാട്<br>31. ട്രൈബൽ എൽ.പി.എസ്, ചെമ്പകത്തൊവഴു<br>32. ട്രൈബൽ എൽ.പി.എസ്, ഇടമലക്കുടി<br>33. ട്രൈബൽ എൽ.പി.എസ്, ചീന്തലാർ<br>34. ട്രൈബൽ എൽ.പി.എസ്, ചോറ്റുപാറ<br>35. ട്രൈബൽ എൽ.പി.എസ്, ഫെയർഫീൽഡ് |
| തൃശ്ശൂർ | 36. ഗവ. ട്രൈബൽ സ്കൂൾ, എച്ചിപ്പാറ<br>37. ഗവ. ട്രൈബൽ സ്കൂൾ, രണ്ടുകൈ<br>38. ഗവ. ട്രൈബൽ സ്കൂൾ, കാരിക്കുനിക്കാട്<br>39. ഗവ. ട്രൈബൽ സ്കൂൾ, പീച്ചി<br>40. ഗവ. ട്രൈബൽ സ്കൂൾ,പൂവൻചിറ |

| | |
|---|---|
| പാലക്കാട് | 41. ഗവ.ട്രൈബൽ വെൽഫെയർ സ്കൂൾ,നടുപ്പതി<br>42. ഗവ.ട്രൈബൽ വെൽഫെയർ സ്കൂൾ,തേക്കടി<br>43. ഗവ.ട്രൈബൽ വെൽഫെയർ സ്കൂൾ,ആനക്കൽ<br>44. ഗവ ട്രൈബൽ വെൽഫെയർസ്കൂൾ,തുണക്കടവ്<br>45. ഗവ ട്രൈബൽ സ്കൂൾ,കുലുക്കൂർ<br>46. ഗവ ട്രൈബൽ സ്കൂൾ, കാവുണ്ടിക്കൽ<br>47. ഗവ ട്രൈബൽ എച്ച്.എസ്,പുതൂർ<br>48. ഗവ ട്രൈബൽ എച്ച്.എസ്,മട്ടത്തുകാട്<br>49. ഗവ ട്രൈബൽ എച്ച്.എസ്,ഷോളയൂർ<br>50. ഗവ ട്രൈബൽ വെൽഫെയർ എൽ.പി.എസ്. ആനവായ്<br>51. ഗവ ട്രൈബൽവെൽഫെയർഎൽ.പി.എസ്, ചിണ്ടക്കി<br>52. ഗവ ട്രൈബൽ വെൽഫെയർ എൽ.പി.എസ്,<br>53. ഗോട്ടിയാർക്കി<br>54. ഗവ ട്രൈബൽ വെൽഫെയർ എൽ.പി.എസ്, കത്താളക്കണ്ടി |
| മലപ്പുറം | 55. ഗവ ട്രൈബൽ എൽ,പി.സ്കൂൾ, നെടുങ്കയം<br>56. ഗവ എച്ച്.എസ്, മുണ്ടശ്ശേരി<br>57. ഗവ ട്രൈബൽ എൽ,പി.സ്കൂൾ, വാളാംന്തോട് |
| കോഴിക്കോട് | 58. ഗവ. വെൽഫെയർ എൽ.പി.എസ്,വളയം<br>59. ഗവ. വെൽഫെയർ എൽ.പി.എസ്, വെള്ളിയോട്<br>60. ഗവ ട്രൈബൽ എൽ.പി.എസ്, കുമ്പാറ |
| വയനാട് | 61. ജി.എൽ.പി.എസ്,ചെട്ട്യാലത്തൂർ, ചീരാൽ<br>62. ജി.എൽ.പി.എസ്,പാക്കം, പുൽപ്പള്ളി<br>63. ജി.എൽ.പി.എസ്,ചേകാടി, പുൽപ്പള്ളി<br>64. ജി.എൽ.പി.എസ്,മുത്തങ്ങ, ബത്തേരി |
| കണ്ണൂർ | 65. ഗവ ട്രൈബൽ യു.പി.എസ്,കണ്ണവം |

സെക്ഷൻ ഓഫീസർ

അനുബന്ധം II

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1). പ്രീമെട്രിക് വിദ്യാഭ്യാസം

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ്. പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. ലംപ്സംഗ്രാന്റ്. പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

| | എൽ.പി. വിഭാഗം | ലംപ്സംഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1 | I മുതൽ IV വരെ | 320/-രൂപ | 130/-രൂപ |
| 2 | **യു.പി. വിഭാഗം** V മുതൽ VII വരെ | 630/-രൂപ | 160/-രൂപ |
| 3 | **ഹൈസ്കൂൾ വിഭാഗം** | 940/-രൂപ | 190/-രൂപ |

(ഒരു ക്ലാസിൽ തോറ്റ് രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്ക് വാർഷിക ലംപ്സം ഗ്രാന്റിന്റെ 50% നൽകുന്നു.)

2017-18 സാമ്പത്തികവർഷം 16,49,87,643/- രൂപ 77215 കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകുന്നതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം 16,50,00000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 13,77,50,000 രൂപ അലോട്ട് ചെയ്തിട്ടുണ്ട്.

2) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ്

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 1500 രൂപ സ്കോളർഷിപ്പിനത്തിലും 750/- രൂപ ബുക്ക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3500/- രൂപയും 1000/- രൂപയും നൽകുന്നു. ഈ ആനുകൂല്യം ലഭിക്കുന്നതിന് വരുമാന പരിധി 2.50 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം 3,47,23,190 രൂപ 14722 കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃത പദ്ധതി) നൽകുന്നതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3) **പോസ്റ്റ്മെട്രിക് പഠനം**

പത്താംക്ലാസ്സ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സർക്കാർ അംഗീകരിച്ച മുഴുവൻ ഫീസും, വാർഷിക ലംപ്സംഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. സർക്കാരോ, യൂണിവേഴ്സിറ്റിയോ അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സംഗ്രാന്റ് നൽകുന്നത്.

| പ്രതിമാസ സ്റ്റൈപ്പന്റ് | | |
|---|---|---|
| കോഴ്സ് | ലംപ്സം ഗ്രാന്റ് | 8 കി. മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് |
| Plus two/ Vocational HS | 1130/- | 630/- |
| BA/B.Sc./B.Com./ B.Ed/ തത്തുല്യം | 1190/- | 630/- |
| MA/M.Sc./M.Com. തത്തുല്യം | 1570/- | 630/- |
| Engineering/Vetenary/ Agricultural മുതലായവ | 2250/- | 630/- |
| MBBS/MS/MD | 3130/- | 630/- |

കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചു പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനു പകരം യഥാർത്ഥ താമസ-ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു.

| പ്രതിമാസ പോക്കറ്റ്മണി നിരക്ക് | |
|---|---|
| മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സ് വിദ്യാർത്ഥികൾക്ക് | 190/-രൂപ |
| മറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് | 190/-രൂപ |

2017-18 സാമ്പത്തിക വർഷം 6,30,00,000/- രൂപ 16939 കുട്ടികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം 53,33,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 11.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്

4) **സംസ്ഥാനത്തിന് പുറത്തുള്ള പഠനം**

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ്വഴി

സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നുണ്ട്.

**5) വിദേശ പഠനത്തിനുള്ള ധനസഹായം**

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.

2016-17 സാമ്പത്തിക വർഷം 1,50,000/-രൂപ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ഉപരിപഠനം നടത്തുന്നതിന് ഒരു വിദ്യാർത്ഥിയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കാനഡയിൽ ഇൻഡസ്ട്രിയിൽ ഓട്ടോമേഷനിൽ ഉപരി പഠനം നടത്തുന്നതിന് ഒരു വിദ്യാർത്ഥിയ്ക്ക് 19,34,615/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം അയർലാന്റിലെ ട്രിനിറ്റി കോളേജ് ഡബ്ലിനിൽ എം.ഫിൽ ഇൻ റേസ് എത്തിനിസിറ്റി കോൺഫ്ളിക്ട്സ് എന്ന കോഴ്സിന് പഠനം നടത്തുന്നതിനായി ഒരു വിദ്യാർത്ഥിയ്ക്ക് 29,92,061/- രൂപ അനുവദിച്ചിട്ടുണ്ട്.

**6) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി**

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ്സിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു വരുന്നു. ഇവർക്ക് 10-ാം ക്ലാസ്സുവരെ തുടർന്ന് സ്കോളർഷിപ്പ് നൽകുന്നു. ടി പദ്ധതിയിൽ പുസ്തകം, പഠനസാമഗ്രികൾ, യൂണിഫോം, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 5-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയ്ക്ക് 5,900/- രൂപയും 6 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 4,900/- രൂപ വീതവും സ്കോളർഷിപ്പായി ലഭിക്കുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് 5-ാം ക്ലാസ്സിലേയ്ക്ക് തെരഞ്ഞെടുക്കുന്നത്. 2017-18 സാമ്പത്തിക വർഷം 56,26,480/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 70,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 31,41,570/- രൂപ അലോട്ട് ചെയ്തിട്ടുണ്ട്.

**7) ട്യൂട്ടോറിയൽ ഗ്രാന്റ്**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്രദമാണ്. 11-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജിൽ/ട്യൂഷൻ സെന്ററിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിലേയ്ക്കായി പ്രതിമാസ ട്യൂഷൻ ഫീസ് രക്ഷകർത്താക്കൾക്ക് നേരിട്ട് നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വർഷാവസാന പരീക്ഷയ്ക്ക് മുമ്പായി എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. 2018-19 വർഷം ഈയിനത്തിൽ 113 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

• <u>ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ</u>

1) ഹൈസ്കൂളുകളിലെയും, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷന് ഫീസ് നൽകുക.
2) എസ്.എസ്.എൽ.സി, +2 എന്നീ പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗ കുട്ടികൾക്ക് തോറ്റ വിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുക.
3) അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുല പരിപാടി, പാലക്കാട് നെഹ്റു യുവകേന്ദ്രത്തിന്റെ ഗിരിവികാസ് പദ്ധതി മുതലായവ നടപ്പിലാക്കുക.
4) പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന പാർട്ട് ടൈം ട്യൂട്ടർമാരുടെ ഓണറേറിയം നൽകുക.

2017-18 സാമ്പത്തികവർഷം ഇതിലേക്കായി 142.88 ലക്ഷം രൂപ 2225-02-277-35 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും ഇതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്.

**<u>8) ബോർഡിംഗ് ഗ്രാന്റ്</u>**

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നു. കേരളത്തിൽ ഇപ്പോൾ 7 ഹോസ്റ്റലുകൾക്കാണ് ധനസഹായം നൽകുന്നത്.

| ഇനം | ക്ലാസ്സ് | നിരക്ക് |
|---|---|---|
| ബോർഡിംഗ് ഗ്രാന്റ് | 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/- |
| | +1, +2 വിദ്യാർത്ഥികൾക്ക് | 800/- |
| യൂണിഫോം അലവൻസ് | 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് | 500/- |
| | 8 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/- |


| ഇനം | ക്ലാസ്സ് | നിരക്ക് |
|---|---|---|
| ബോർഡിംഗ് ഗ്രാന്റ് | 1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/- |
| | +1, +2 വിദ്യാർത്ഥികൾക്ക് | 800/- |
| യൂണിഫോം അലവൻസ് | 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് | 500/- |
| | 8 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക് | 700/- |


ഇതിലേക്കായി 2017-18 സാമ്പത്തികവർഷം 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2018-19 വർഷം ഈയിനത്തിൽ 8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

9) **നഴ്സറി സ്കൂളുകൾ** - 13 എണ്ണം
കുട്ടികളുടെ എണ്ണം - 258
<u>കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ</u>
ലംപ്സംഗ്രാന്റ് - 190/-
പ്രതിദിന ഭക്ഷണ അലവൻസ് - 40/-

യൂണിഫോം (രണ്ട് ജോഡി) - 500/-

2017-18 സാമ്പത്തികവർഷം ബഡ്ജറ്റിൽ 1,63,07,000/- രൂപ വകയിരുത്തുകയും 91,94,892/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം 1,57,61,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 73,37,919 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## 10) വികാസ് വാടി/കിന്റർഗാർട്ടൻ/ബാലവാടി

കുട്ടികളുടെ എണ്ണം - 298
<u>കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ</u>
ലംപ്സംഗ്രാന്റ് - 190/-
പ്രതിദിന ഭക്ഷണ അലവൻസ് - 40/-

യൂണിഫോം (രണ്ട് ജോഡി) - 500/

ഇതിലേക്കായി 2017-18 സാമ്പത്തികവർഷം 15 ലക്ഷം രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷം 15 ലക്ഷം രൂപ വകയിരുത്തിയതിൽ 13,77,128 രൂപ ചെലവഴിച്ചിട്ടുണ്ട്.

11) പെരിപ്പറ്ററ്റിക്/<u>ഏകാധ്യാപക സ്ഥാപനങ്ങൾ/ബാലവിജ്ഞാന കേന്ദ്രങ്ങൾ</u>
<u>(1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾ)</u>
ഏകാധ്യാപക സ്കൂളുകൾ - 23

പെരിപ്പറ്ററ്റിക് സെന്ററുകൾ - 7
ബാലവിജ്ഞാന കേന്ദ്രങ്ങൾ - 3.
ആകെ കുട്ടികളുടെ എണ്ണം - 527
<u>കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ</u>
ലംപ്സംഗ്രാന്റ് - 630/-
സ്റ്റൈപ്പന്റ് - 160/-
പ്രതിദിന ഭക്ഷണ അലവൻസ് - 40/-

യൂണിഫോം (രണ്ട് ജോഡി) - 500/-

ഇവയുടെ പ്രവർത്തനത്തിനായി ഈ സാമ്പത്തിക വർഷം ഇതുവരെ 62,91,683/- രൂപ അനുവദിച്ചിട്ടുണ്ട്.

12) <u>**ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്**</u> - 2 എണ്ണം
തിരുവനന്തപുരം (കുട്ടമല) - 1
ഇടുക്കി (നാടുകാണി) -1
58 അപ്രന്റീസുകൾ പ്രസ്തുത സ്ഥാപനങ്ങളിൽ പരിശീലനം നേടി വരുന്നു 2018-19 വർഷം 0.60 കോടി രൂപ വകയിരുത്തിയതിൽ 29.26 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്

പരിശീലനാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് (ഒന്നാം വർഷം) - 750/-
ലംപ്സംഗ്രാന്റ് (രണ്ടാം വർഷം) - 630/-
പ്രതിമാസ സ്റ്റൈപ്പന്റ് - 630/-

കിഫ്ബി മുഖേന ഇടുക്കിയിലുള്ള നാടുകാണി ഐ.ടി.ഐ-ലേക്ക് അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

13) വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

തയ്യൽ പരിശീലനകേന്ദ്രം - 8 എണ്ണം
ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ്സ് മേക്കിംഗ് - 2 എണ്ണം
ഉൽപ്പാദന പരിശീലന കേന്ദ്രം - 1 എണ്ണം
പരിശീലനം നേടുന്നവരുടെ എണ്ണം - 136

ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് (ഒന്നാം വർഷം) - 820/-
ലംപ്സംഗ്രാന്റ് (രണ്ടാം വർഷം) - 630/-
പ്രതിമാസ സ്റ്റൈപ്പന്റ് - 630/-

2017-18 സാമ്പത്തിക വർഷം 2,25,46,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 1,25,51,633/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ